പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 923 **14-10-2026-ൽ മറുപടിയ്ക്ക്**

കൊച്ചി മണ്ഡലത്തിലെ കായലുകളിലെയും തോടുകളിലെയും എക്കലും ചെളിയും നീക്കം ചെയ്യുന്ന നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കുമ്പളങ്ങി കല്ലഞ്ചേരി കായലിൽ ഇടക്കൊച്ചി-അരൂർ പാലം മുതൽ പെരുമ്പടപ്പ്-കുമ്പളങ്ങി പാലം വരെയും, പെരുമ്പടപ്പ്-കുമ്പളങ്ങി പാലം മുതൽ കണ്ണമാലി വരെയുമുള്ള ഭാഗങ്ങളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി തയ്യാറാക്കിയ യഥാക്രമം ₹960 ലക്ഷം, ₹500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകളിൽ (ഐ ആർ ആർ /ഐ എ /ഇ എസ് ടി /4018/2022_5_1_1, ഐആർആർ/ഐഎ/ ഇ എസ് ടി /4020/2022_5_1_1) സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; ഡ്രെഡ്ജ് ചെയ്യുന്ന എക്കൽ ദേശീയപാതാ അതോറിറ്റിയുടെ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനം ഏത് ഘട്ടത്തിലാണ്; ഇതിൽ അന്തിമ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

മറുപടി: കുമ്പളങ്ങി-കല്ലഞ്ചേരി കായലിൽ ഇടക്കൊച്ചി-അരൂർ പാലം മുതൽ പെരുമ്പടപ്പ് - കുമ്പളങ്ങി പാലം വരെയും പെരുമ്പടപ്പ്-കുമ്പളങ്ങി പാലം മുതൽ കണ്ണമാലി വരെയുമുള്ള ഭാഗങ്ങളിൽ അമിതമായി അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് കായലിന്റെ സ്വാഭാവിക ആഴവും നീരൊഴുക്കും വീണ്ടെടുക്കുന്നതിനായി യഥാക്രമം 960 ലക്ഷം രൂപയുടെയും 500 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ IRR/IA/EST/4018/2022_5_1_1, IRR/IA/EST/4020/2022_5_1_1 എന്നീ നമ്പറുകൾ പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

കായൽ പ്രദേശത്ത് അമിതമായി അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും ആവശ്യമായ പരിശോധനകളും പഠനങ്ങളും നടത്തി ഡ്രഡ്ജ് ചെയ്ത് ദേശീയപാത അതോറിറ്റിയുടെ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി KERI മുഖേന മണ്ണ് പരിശോധനാ റിപ്പോർട്ട് (Soil Test Report) ലഭ്യമാക്കാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ Soil Investigation പ്രവർത്തിക്കായി 3,00,000/- രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തി KERI-യുടെ ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ചെല്ലാനം പഞ്ചായത്തിലെ കളത്തറ-കരി-കണ്ണമാലി കനാലിലെ എക്കൽ നീക്കം ചെയ്യുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന് (ഐആർആർ/ഐഎ/ഇഎസ് ടി /6969/2025_5_1_1) ബജറ്റ് വിഹിതമില്ലാത്തതിനാൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ എസ്റ്റിമേറ്റ്

ലഭ്യമായിട്ടുണ്ടോ; ലഭ്യമായിട്ടുണ്ടെങ്കിൽ അതിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണെന്നും ഭരണാനുമതി എപ്പോൾ നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കളത്തറ-ചിറക്കൽ-കണ്ണമാലി കനാലിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ആഴം വർധിപ്പിക്കുന്നതിനായി IRR/IA/EST/6969/2025_5_1_1 നമ്പർ പ്രകാരം 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് General Kalathara-Chirakkal-Improvements to Kalathara Chirakkal Kayal and its Tributaries in Ward 1 of Chellanam Panchayath in Ernakulam District-General Civil Work എന്ന പേരിൽ തയ്യാറാക്കിയിരുന്നു.

പ്രസ്തുത ഡി.പി.ആറിൽ ഉൾപ്പെടുത്തിയിരുന്ന തോണിത്തോട്ടിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി അടിയന്തര സാഹചര്യം പരിഗണിച്ച് ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

ഈ സാഹചര്യത്തിൽ, ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തി ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചെല്ലാനം പഞ്ചായത്തിലെ മുതലപ്പാലം മുതൽ കണ്ണമാലി ബീച്ച് വരെയുള്ള തോടിന്റെ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മുൻപ് അറിയിച്ചിരുന്നതിൽ, നിലവിൽ സ്ഥലപരിശോധന പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>മറുപടി:</u> ചെല്ലാനം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് ഭാഗത്തുള്ള വടക്കേ ലാലിപ്പുറം തോട്ടിൽ മുതലപ്പാലം മുതൽ പുത്തൻതോട് ബീച്ച് (കണ്ണമാലി ബീച്ച്) വരെയും മുതലപ്പാലം മുതൽ കണ്ണമാലി കായൽ വരെയുമുള്ള ഭാഗങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി നാല് റീച്ചുകളായി തിരിച്ച് ഏറ്റെടുത്തിട്ടുണ്ട്.

ഇതിൽ മുതലപ്പാലം മുതൽ പുത്തൻതോട് ബീച്ച് (കണ്ണമാലി ബീച്ച്) വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുതലപ്പാലം മുതൽ കണ്ണമാലി കായൽ വരെയുള്ള ഭാഗത്തെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ